പൊതുമരാമത്ത് വകുപ്പ്

# പരിഷ്കരിച്ച പരാതി പരിഹാര സെൽ ഉദ്ഘാടനം

## ശ്രീ. ജി. സുധാകരൻ

(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

തീയതി : **14.09.2017 വ്യാഴാഴ്ച 3.30 pm**

സ്ഥലം : **കെ.എസ്.റ്റി.പി ഓഫീസ്, കവടിയാർ**

---

**ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയെ പൊതുജനങ്ങൾക്ക് നേരിട്ട് വിളിക്കാം. പരാതികൾ പറയാം. മാസത്തിൽ ആദ്യ ബുധനാഴ്ച വൈകുന്നരം 3.30 മുതൽ 4.30 വരെ പൊതുജനങ്ങൾക്കു മന്ത്രിയെ നേരിട്ടു വിളിക്കാം.**

---

എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ 7.30 വരെ പൊതുജനങ്ങൾക്ക് **1800 425 7771** നമ്പറിലേയ്ക്ക് ടോൾഫ്രീ ആയി ജീവനക്കാരെ നേരിട്ടു വിളിച്ച് പരാതി അറിയിക്കാം. ഇത്തരം പരാതി സ്വീകരിച്ചു കഴിഞ്ഞാൽ വിളിക്കുന്ന ആളിന്റെ പേര്, ഫോൺ നമ്പർ മുതലായവ രേഖപ്പെടുത്തുന്നു. അതിനു ശേഷം പരാതി കേൾക്കുന്നു. കൂടാതെ പരാതി ഏത് റോഡിലാണെന്നും, ഏത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിധിയിലാണെന്നു മനസ്സിലാക്കി ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ജീവനക്കാർ ഫോണിൽ ബന്ധപ്പെടുകയും പരാതിക്കാരന്റെ ഫോൺ നമ്പർ കൈമാറുകയും ചെയ്യുന്നു. പരാതി ബോധ്യപ്പെടുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാതിക്ക് പരിഹാരം ഉണ്ടാക്കി പരാതിക്കാരനെ തിരികെ വിളിക്കും. പരിഹാരമുണ്ടാകാത്ത പക്ഷം അതിന്റെ കാരണം പരാതിക്കാരനെ അറിയിക്കുകയും ചെയ്യും. ഈ വിവരം പരാതി പരിഹാര സെല്ലിൽ അറിയിക്കുകയും ചെയ്യും. കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന വിശദ വിവരങ്ങളുടെ നിജസ്ഥിതി റിവ്യു ചെയ്ത് വേണ്ട മേൽനടപടികൾ സ്വീകരിക്കും.

**ഈ നമ്പറിലേക്ക് ടോൾഫ്രീയായി നിങ്ങൾക്ക് വിളിക്കാം**

# 1800 425 7771